പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.28

26.09.2011-ൽ
മറുപടി നൽകേണ്ടത്

## അട്ടപ്പാടിയിലെ ഭൂമി പ്രശ്നം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം
ശ്രീ.കെ.വി.വിജയദാസ്
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.റ്റി.വി.രാജേഷ്

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി
( ബഹു: മുഖ്യമന്ത്രി)

(എ) സുസ്‌ലോൺ കമ്പനി പ്രതിനിധികളും റവന്യൂ വകുപ്പ് അധികൃതരുമായി അട്ടപ്പാടിയിലെ ഭൂമി പ്രശ്നം മുഖ്യമന്ത്രി ചർച്ച നടത്തുകയുണ്ടായോ; ചർച്ചയിൽ പങ്കെടുത്തവർ ആരൊക്കെ, കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു, യോഗത്തിന്റെ മിനിട്സ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഇവ നടപ്പിൽ വരുത്തുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) കാറ്റാടി യന്ത്രങ്ങളെല്ലാം സ്ഥാപിച്ചത് ആദിവാസി ഭൂമിയിലാണെന്നും അട്ടപ്പാടിയിലെ ആദിവാസി ഭൂമി മുഴുവൻ നഷ്ടപ്പെട്ടെന്നുമുള്ള വാദഗതികൾ പുതുതായി നടന്ന സർവ്വേ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശരിയായിട്ടുള്ളതാണോ; ഇതു സംബന്ധമായ ജില്ലാ കളക്ടറുടെ റിപ്പോർട്ട് എന്തായിരുന്നു?

<u>(എ)യും (ബി)യും (സി)യും:</u>

ചർച്ച നടത്തുകയുണ്ടായി. പങ്കെടുത്തവരുടെ പേരു വിവരവും യോഗ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന യോഗത്തിന്റെ നടപടിക്കുറിപ്പും അനുബന്ധം I ആയി ചേർത്തിരിക്കുന്നു. ഇതിനു ശേഷം 20.09.2011-ൽ ചേർന്ന മന്ത്രിസഭാ യോഗം ഇക്കാര്യത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) അട്ടപ്പാടിയിലെ കോട്ടത്തറ വില്ലേജിൽ നടത്തിയ സർവ്വേയിൽ സുസ്‌ലോണിന്റെയും അനുബന്ധ സ്ഥാപനങ്ങളുടേയും കൈവശമുള്ളതും ആദിവാസികളുടേതെന്ന് കണ്ടെത്തിയതുമായ 85.21 ഏക്കർ ഭൂമി തിരിച്ചെടുത്ത് ആദിവാസികൾക്ക് നൽകുവാൻ തീരുമാനിച്ചു. ഈ ഭൂമിയ്ക്ക് അടിയന്തിരമായി പട്ടയം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.
2) ആദിവാസികളുടേതെന്ന് കണ്ടെത്തിയ ഭൂമിയിലെ കാറ്റാടി യന്ത്രങ്ങൾ ഏറ്റെടുക്കുവാനും ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് ഭൂമിയുടെ ഉടമസ്ഥരുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതുമാണ്.

3) ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള ക്രിമിനൽ കേസുകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

മേൽ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി 23.09.2011-ലെ സ.ഉ (കൈ.) 346/11/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ആവശ്യമായ തുടർ നടപടികൾ നിയമാനുസൃതം കൈക്കൊള്ളുന്നതിനായി പാലക്കാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 22.08.2011-ലെ പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം അട്ടപ്പാടിയിലെ അഗളി, കോട്ടത്തറ, ഷോളയൂർ എന്നീ വില്ലേജുകളിൽ സർവ്വേ പൂർത്തിയാക്കിയപ്പോൾ സുസ്‌ലോൺ എനർജി ലിമിറ്റഡ് സ്വന്തമാക്കിയ 645 ഏക്കർ ഭൂമിയിൽ 85.21 ഏക്കർ ഭൂമി 1964-65 ലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ആദിവാസി ഭൂമിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 31 കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചതിനു ശേഷം 37.44 ഏക്കർ ഭൂമി അഗളി, കോട്ടത്തറ വില്ലേജുകളിലായി ചില നിക്ഷേപകർക്ക് (Investors) കൈമാറ്റം ചെയ്തിട്ടുണ്ട്. 1964-65 ലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം രണ്ട് കാറ്റാടി യന്ത്രങ്ങൾ സ്ഥിതി ചെയ്യുന്നത് ആദിവാസി ഭൂമിയിലാണെന്നും മറ്റ് ചില കാറ്റാടി യന്ത്രങ്ങളിലേക്കുള്ള റോഡുകൾ ആദിവാസി ഭൂമിയാണെന്നും സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതായി കളക്ടറുടെ റിപ്പോർട്ടിൽ കാണുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം- I

## MINUTES OF THE MEETING OF THE STAKEHOLDERS AND OFFICERS CONCERNED WITH ATTAPPADY ISSUE (SUZLON) CONVENED BY THE HON'BLE MINISTER FOR REVENUE AND CHAIRED BY THE HON'BLE CHIEF MINISTER ALONG WITH THE HON'BLE MINISTER FOR WELFARE OF SCHEDULED TRIBES AND YOUTH AFFAIRS ON 24.8.2011 IN THE CHIEF MINISTER'S CONFERENCE HALL

The meeting started at 12.15.P.M.

**Participants**

1. Sri.Subbaiah, IAS, Principal Secretary, SC/ST Dev. Department.
2. Smt.Valsalakumari.IAS, DSLR and Addl Chief Secretary, (Revenue) (i/c)
3. Sri.T.K.Manojkumar, I.A.S, Commissioner, Land Revenue
4. Sri.K.V.Mohankumar, District Collector, Palakkad.
5. Sri.B.A.Parmar, Director (Suzlon Group of Companies)
6. Sri.Chintan Shah, Vice President (Suzlon Group of Companies)
7. Sri.Sureshkumar, Consultant (Suzlon Group of Companies)
8. Sri.K.Krishnankutty, Ex-M.L.A
9. Sri.C.V.Balachandran, DCC President, Indian National Congress, Palakkad District.
10. Sri.P.Sharafudeen, Block Panchayat Member, Attappady
11. Sri.M.Sukumaran, Convenor, Attappady Samrakshana Samithi
12. Dr.Sajith Babu, Assistant Commissioner (LA)
13. Smt.K.S.Sheela, Additional Secretary, Revenue Department.

The representatives of the tribes had also participated in the meeting.

At the outset the Hon'ble Minister (Revenue) welcomed the participants and stated that the issue regarding the alienated tribal land at Attappady has to be settled and for that the Government is considering a compensation package. The District Collector, Palakkad had submitted a paper for consideration outlining a draft compensation package. This package contained several options in terms of providing compensation for tribal lands, revenue sharing with the Suzlon Energies Pvt. Limited, giving alternative land to the tribes, providing common amenities, other development initiatives, etc.

The District Collector, Palakkad will identify the actual extent of land alienated by the Adivasis in Kottathara Village and the number of people who will be affected by the windmills and report to Government within 3 months.

In conclusion the Hon'ble Chief Minister stated that no land of the Adivasis will be permitted to be alienated and that the burden of proving valid titles to their lands rests with the Suzlon Energies Private Limited and that the land alienated will be given back to the tribes as per law, giving them (tribes) the benefits of doubt.

The meeting ended at 1.30 P.M.